# ഗ്രാമന്യായാലയ കോടതി, പെരിനാട്
# ഹാജർ : ശ്രീമതി. ആരതി എം ആർ, ന്യായാധികാരി
## 2026-ാം ആണ്ട് മെയ് മാസം 04 -ാം തീയതി

## ST No. 200/2023

| | | |
|---|---|---|
| വാദി | : | സർക്കാരിനെപ്രതിനിധീകരിച്ച് ഈസ്റ്റ് കല്ലട<br>പോലീസ് സബ്ബ് ഇൻസ്പെക്ടർ<br>ക്രൈം നമ്പർ 1422/2023. |
| പ്രതി | : | അരുൺ, വയസ്സ് 25, S/o പ്രസാദ്,<br>തൊട്ടിക്കര ചരുവിൽ വീട് ,<br>തെക്കേമുറി, ഈസ്റ്റ് കല്ലട |
| കുറ്റം | : | ഇൻഡ്യൻ ശിക്ഷാ നിയമം 279, 337, 338 വകുപ്പുകൾ |
| പ്രതിയുടെ വാദം | : | കുറ്റം സമ്മതിക്കുന്നു. |
| അന്തിമ ഉത്തരവ് | : | കുറ്റക്കാരൻ ആണ്. |
| ശിക്ഷാവിധി | : | ഇൻഡ്യൻ ശിക്ഷാ നിയമം 279,337,338 വകുപ്പുകൾ പ്രകാരം ₹2,000/- രൂപ പിഴയും പിഴ ഒടുക്കുന്നില്ലായെങ്കിൽ 2 ദിവസത്തേയ്ക്ക് വെറും തടവിനും വിധിച്ചിരിക്കുന്നു. |

ഈ കേസ് 04.05.2026 ന് ടി കോടതിയിൽ വിചാരണയ്ക്ക് വരികയും, അതിൻ പ്രകാരം ഇന്നേ ദിവസം കോടതി ചുവടെ ചേർക്കുന്ന വിധി പുറപ്പെടുവിക്കുകയും ചെയ്തു.

# വിധിന്യായം

ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 279,337,338 വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിനാണ് പ്രതിക്കെതിരെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

പ്രതി വക്കീൽ മുഖാന്തരം കുറ്റസമ്മത ഹർജി ഫയൽ ചെയ്തു. ആയത് കോടതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ കുറ്റസമ്മതം അംഗീകരിച്ചു. കോടതി പ്രോസിക്യൂഷൻ രേഖകൾ പരിശോധിച്ചു. കുറ്റസമ്മത ഹർജിയും പ്രോസീക്യൂഷൻ രേഖകളും പരിശോധിച്ചതിൻ പ്രകാരം മേൽകുറ്റത്തിന് കുറ്റാരോപിതൻ കുറ്റക്കാരാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെട്ടത് പ്രകാരം പ്രതിയെ ഇതിനാൽ ശിക്ഷിക്കുന്നു.

അതിൻ പ്രകാരം പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 279 വകുപ്പ് പ്രകാരം ₹500/- രൂപയും 337 വകുപ്പ് പ്രകാരം ₹500/- രൂപയും കൂടാതെ 338 വകുപ്പ് പ്രകാരം ₹1,000/- രൂപയും ആകെ മൊത്തം ₹2,000/- രൂപ പിഴയും, പിഴ ഒടുക്കുന്നില്ലായെങ്കിൽ 2 ദിവസത്തേയ്ക്ക് വെറും തടവിനും വിധിച്ചിരിക്കുന്നു.

2026 -ാം മാണ്ട് മെയ് മാസം 04 -ാം തീയതി തുറന്ന കോടതിയിൽ ഞാൻ ഈ വിധി പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ന്യായാധികാരി
പെരിനാട്

//ശരി പകർപ്പ്//